(ബി) ഈ റോഡ് നന്നാക്കുന്നതിനു് ആവശ്യമായ സംഖ്യ ഉടൻ അനുവദിക്കാൻ ഭയവുണ്ടോകുമോ ?

ഉത്തരം.

(എ, ബി) ധനദൌർലഭ്യം മൂലം പുതിയ പണികൾ ബഡ്ഡറ്റിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നു് തീരുമാനിച്ചതിനാൽ ഈ റോഡ് വർക്കു് ബഡ്ഡറ്റിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

ADJOURNMENT MOTION

Hunger strike at the Secretariat Gate by the Members of the Kerala Primary Teachers, Union.

Mr. Speaker : I have received two notices under Rule 49, one from Shri K. Chandrasekharan and another from Shri N. Gopala-Kurup for the adjournment of the business of the Assembly to discuss a matter of urgent public importance, both relating to the situation arising out of the hunger strike at the Secretariat Gate by the Aided Private School Teachers.

9 A. M.]

This is a matter which was discussed several times in the current session of the Assembly both under Rule 61 and in the discussion of the Education Budget and nothing urgent has arisen since then to warrant a renewed discussion and to move an adjournment motion. Hence I withhold consent to the moving of the adjournment motion.

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : എന്റെ അടിയന്തിരപ്രമേയം അതിനെക്കുറിച്ചല്ല. വേറെ പുതുതായി ഒരു സിറ്റുവേഷൻ എക്സൈസ് ചെയ്തിട്ടുള്ളതിനെ സംബന്ധിച്ചാണു്. സത്യഗ്രഹം ആരംഭിച്ചിരിക്കുന്നു. ഈ പുതിയ സിറ്റുവേഷനെക്കുറിച്ചാണു് ഡിസ്കസ് ചെയ്യണമെന്നു ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു്.

Mr. Speaker : Order, order. There is no need for a discussion about it. That is not a matter which warrants a renewed discussion.

ശ്രീ. കെ. ചന്ദ്രശേഖരൻ : നിരാഹാര സത്യഗ്രഹംമൂലം ഉണ്ടായിട്ടുള്ള സിറ്റുവേഷൻ കൈകാര്യംചെയ്യുന്നതിനു് ഗവണ്മെന്റു് അനാസ്ഥ കാണിക്കുന്നതിൽ പ്രതിഷേധിച്ചു് ഞങ്ങൾ അൽപസമയത്തേക്കു് സഭാനടപടികളിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നില്ല.

(The Member then walked out of the House, along with other members of his Party.)

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാടു് : ഞങ്ങളും സഭാനടപടികളിൽ പങ്കെടുക്കുന്നില്ല.

(The Member then walked out of the House along with other members of his Party.)

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇവിടെ അതു കൈകാര്യം ചെയ്യുന്നതീരുമാനിക്കാനുള്ളതുകൊണ്ടു് ഞങ്ങൾ ഇവിടെ ഇരിക്കുകയാണു്.

Deterioration of law & order situation in Panur

Mr. Speaker : A reply is due from the Chief Minister to an earlier Rule 49 motion of Shri Balaram.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു : അടിയന്തിരപ്രമേയത്തിനു് നോട്ടീസു കൊടുത്തിട്ടുള്ള ആളകലം സഭയിൽ ഇല്ലാതിരിക്കുമ്പോൾ, അതിനെപ്പറ്റി മുഖ്യമന്ത്രി സംസാരിക്കേണ്ട കാര്യമുണ്ടോ ?

Mr. Speaker : Yes. The Chief Minister can furnish the information, as the matter was raised earlier by the member concerned.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): സർ, ഈ പന്തീരിൽ കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുള്ളിൽ ചില സംഭവങ്ങളുണ്ടായിട്ടുണ്ടു്. ഈ മാസം 21–ാം തീയതി പാനൂർ പോലീസു സ്റ്റേഷൻ അതിർത്തിയിൽ പല സ്ഥലത്തും പല കയ്യേറ്റങ്ങളും മറ്റും ഉണ്ടായതിന്റെ ഫലമായി 16 ക്രൈംസു് അവിടെ രജിസ്റ്റർ ചെയ്യാനിടയായിട്ടുണ്ടു്. അങ്ങനെ സംഭവിച്ചതു് 19–ാംതീയതി ഒരു കേസിലെ പ്രതികളെ അറസ്റ്റുചെയ്കയും അതിനെ തുടർന്നു 20–ാം തീയതി ക്ലത്തുപറമ്പു പി. എസ്. പി. മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു പ്രൊട്ടസ്റ്റു മീറ്റിംഗു് നടത്തിയതിനെ തുടർന്നാണെന്നും തോന്നുന്നു. ആ മീറ്റിംഗിൽ വളരെ ആവേശജനകമായ പ്രസംഗങ്ങളും ഉണ്ടായി. അതിനു ശേഷമാണു് പിറ്റേദിവസം ആ പോലീസു് സ്റ്റേഷനതിർത്തിയിൽ ഇപ്രകാരം ക്ലാഷസു് ഉണ്ടായതു്. അങ്ങനെ ക്ലാഷസു് ഉണ്ടായ സ്ഥലങ്ങളും അധികവും പോലീസിനു പെട്ടെന്നു ചെന്നെത്താൻ പ്രയാസമുള്ള ചില ഭാഗങ്ങളുമായിരുന്നു. എങ്കിലും അവിടെനിന്നും ആളകലം പോലീസു് സ്റ്റേഷനിലെത്തി വിവരം അറിയിച്ചതോടുകൂടി അവിടെ കേസു രജിസ്റ്റർ ചെയ്തു. ആകെ രജിസ്റ്റർചെയ്ത കേസുകളിലായി 104 പേർ പ്രതികളായി വന്നിട്ടുണ്ടു്. ഈ 104 പ്രതികളിൽ അവരുടെ രാഷ്ട്രീയ അഭിപ്രായം അന്വേഷിച്ചതിൽ അറിഞ്ഞിടത്തോളം നോക്കിയാൽ 83 പേർ പി. എസ്. പി. ക്കാരും, 11 പേർ കമ്മ്യൂണിസ്റ്റുകാരും, 10 പേർ കാൺഗ്രസ്സുകാരും ആണെന്നു കാണാൻ കഴിയും. 22–ാംതീയതി അവിടെ സംഭവമൊന്നും ഉണ്ടായില്ല. 23–ാംതീയതി രണ്ടു കേസുകൂടി രജിസ്റ്റർ ചെയ്തിട്ടുണ്ടു്. ആ രണ്ടു കേസ്സുകളിൽ ഒന്നു്, ഒരു കാൺഗ്രസ്സു് അനുഭാവിയെ കൈയേറ്റം ചെയ്തു എന്നുള്ളതാണു്. പി. എസ്സു്. പി. അനുഭാവികളാണു് അപ്രകാരം ചെയ്തതെന്നാണു കേസ്സു്. രണ്ടാമത്തെ കേസ്സു് ഒരു ബ്രാഞ്ചു് പോസ്റ്റുമാസ്റ്ററുടെ കൈവശത്തുനിന്നും 700രൂപ ബ്രൂപാ പിടിച്ചുപറിച്ചു എന്നാണു്. അതു് അഞ്ചുപേർ കൂടിയാണെന്നാണു പറയുന്നതു്. അതാരാണെന്നുള്ളതു് അദ്ദേഹത്തിനു പറയാൻ കഴിഞ്ഞില്ല. അതേപ്പറ്റി കേസ്സു് രജിസ്റ്റർ ചെയ്തിരിക്കുകയാണു്. ഈ കേസ്സുകളെല്ലാം അന്വേഷണത്തിലിരിക്കുകയാണു്. ഇത്രയും അധികം കേസ്സുകളും ഉണ്ടാകുകയും കയ്യേറ്റങ്ങളും നടക്കുകയും ചെയ്തിട്ടുള്ളതുകൊണ്ടു് അവിടത്തെ സ്ഥിതിഗതികൾക്കുതന്നെ മാറ്റം വന്നിട്ടുണ്ടു്. ഗവണ്മെന്റു് അതുകൊണ്ടു് പെട്ടെന്നു തന്നെ ആം‌ഡു് റിസർവ്വിനേയും എം. എസ്സു്. പി. ക്കാരേയും ആ സ്ഥലത്തേക്കു് അയച്ചു. ഇപ്പോൾ അവിടെ മാർച്ചു് പെട്രോളിംഗു് നടത്തിക്കൊണ്ടിരിക്കുകയാണു്. ജനങ്ങൾക്കു് ഒരു ഭീതിയുണ്ടാകാതെയിരിക്കത്തക്കവണ്ണം ആവശ്യമുള്ളിടത്തോളം പോലീസ്സു് ഫോഴ്സു് ഈ സംഭവങ്ങളുണ്ടായിട്ടുള്ള പ്രദേശങ്ങളിലെല്ലാംതന്നെ എത്തിച്ചേർന്നിട്ടുണ്ടു്. അതിനു പുറമേ എല്ലാ കേസ്സുകളും ഊർജ്ജിതമായി അന്വേഷണം നടത്തിവരികയും ചെയ്യുന്നുണ്ടു്. ഇതിനുമുമ്പു ചില ആളുകളുടെ പേരിൽ എടുത്തിരുന്ന സെക്യൂരിറ്റി പ്രൊസീഡിഗ്സു് 107–ാം വകുപ്പുപ്രകാരമുള്ളതു അനുസരിച്ചു് താൽക്കാലികമായി കൊടുത്തിരുന്ന ബോണ്ടുകളും റദ്ദുചെയ്ത അവരുടെ പേരിൽ കേസുകളും എടുക്കാനും തീരുമാനിച്ചിട്ടുണ്ടു്. വടക്കൻ റേഞ്ചിലെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ആഫു് പോലീസു് ആ സ്ഥലത്തുതന്നെ ക്യാമ്പു ചെയ്തു ഈ കേസ്സുകളുടെ അന്വേഷണം നടത്തുന്നതിനും പെട്രോളിംഗിനും സ്വന്തമായി ആവശ്യമായ നിർദ്ദേശങ്ങളും കൊടുത്തുകൊണ്ടിരിക്കുകയാണു്. ഇപ്പോൾ അവിടത്തെ അവസ്ഥ നിയന്ത്രണാധീനമാണു് എന്നുള്ളതിൽ സംശയമില്ല. എങ്കിലും എന്തെങ്കിലും ഒരു അപകടം പെട്ടെന്നുണ്ടാകാൻ ഇടയുണ്ടെന്നുള്ളതുകൊണ്ടു് അവിടത്തെ ഈ പ്രദേശങ്ങളിൽ ഉള്ള ജനങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളും ഉണ്ടാകാതിരിക്കത്തക്കവണ്ണം ആവശ്യമുള്ളിടത്തോളം ഉള്ള എല്ലാ മുൻകരുതൽ നടപടികളും ഗവണ്മെന്റു് എടുത്തുകഴിഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

സർ, ഈ കേസുകളെപ്പറ്റി അന്വേഷണം നടത്തുന്നതിനും അവിടെ ഇങ്ങനെ ഒരു സംഘർഷാവസ്ഥ ഉണ്ടാക്കാൻ കരുതിക്കൂട്ടി പ്രവർത്തിക്കുന്നവരെ നിയമത്തിന്റെ വാഴ്ചയ്ക്ക് വിധേയമാക്കിക്കൊണ്ട് വരികയും ചെയ്യുന്നതിനു ഗവണ്മെന്റ് കർശനമായ എല്ലാ നടപടികളും എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. എടുത്തുവരുന്നുമുണ്ട്. ആ നിലയ്ക്ക് അവിടെ ഇപ്പോൾ നിലവിലിരിക്കുന്ന അവസ്ഥയെ ആസ്പദമാക്കി ഒരു അടിയന്തിരപ്രമേയം ഇവിടെ അവതരിപ്പിച്ച വാദപ്രതിവാദം ചെയ്യേണ്ടതായിട്ട് ഒന്നുംതന്നെയില്ല. ഗവണ്മെന്റ് സംഭവങ്ങളെല്ലാം വളരെ ശ്രദ്ധയോടുകൂടി ഉറ്റുനോക്കി ആവശ്യമുള്ള നടപടികളും അപ്പോഴപ്പോൾ എടുത്തുവരുന്നു. അതിനാൽ ഈ അടിയന്തിരപ്രമേയം ഇവിടെ ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Mr. Speaker: Order, order. In the light of the statement by the Chief Minister I withhold consent to the moving of the motion. Further the member who raised the matter is not here.

ശ്രീ. എം. നാരായണക്കുറുപ്പ് : സർ, ഈ പാനൂർ പ്രദേശത്ത് ഇടയ്ക്കിടയ്ക്ക് ഇങ്ങനെയുള്ള ഈ സംഭവങ്ങൾ ഉണ്ടാകുകയും, അപ്പോൾ ഗവണ്മെന്റ് താൽക്കാലികമായ നടപടികൾ എടുക്കുകയും അതു നിയന്ത്രിക്കുകയും ചെയ്യുന്നു എന്നു വിചാരിച്ച് അലസമായിരിക്കുകയും ചെയ്യുന്നതുകൊണ്ടു വീണ്ടും ഇങ്ങനെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇതുവരെ ഗവണ്മെന്റ് എടുത്തുവന്നിരുന്ന നടപടികൾ ഫലപ്രദമായിട്ടില്ലാ എന്നുള്ളതിനെ മുൻനിറുത്തി ഈ നയത്തിൽ ഒരു വ്യത്യാസം വരുത്തി ശാശ്വതമായ പരിഹാരനടപടികൾ എടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. ആർ. ശങ്കർ : ഇതുവരെയുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ ഇനിമേൽ അതു ആവർത്തിക്കാതിരിക്കാനുള്ള കാര്യങ്ങൾ എന്തെല്ലാമാണ് ചെയ്യേണ്ടതെന്നു ഗവണ്മെന്റ് ആലോചിച്ചുവരികയാണ്.

ശ്രീ. കെ. ഹസ്സൻ ഗനി : മനഃപൂർവ്വം കരുതിക്കൂട്ടി ഈ മാതിരി പ്രവർത്തനങ്ങൾ ചെയ്യുന്നവരെ അതിൽനിന്നു തടയുന്നതിനോ അവരെ പിടികൂടുന്നതിനോ പോലീസു യാതൊരു നടപടികളും എടുക്കുന്നില്ലാ എന്നുള്ളതാണു പരാതി. ആ പരാതിയെ മുൻനിറുത്തി വേണ്ട നടപടികൾ നടത്താൻ കർശനമായ നിർദ്ദേശം കൊടുക്കണം.

CALLING ATTENTION UNDER RULE 61.

Havoc caused by sea erosion at Elamkunnapuzha

Mr. Speaker: Under Rule 61 Shri K. C. Abraham has given notice to call the attention of the Minister for Public Works to a matter of urgent public importance, namely, the severe havoc caused by sea erosion at Elamkunnapuzha. I call upon the Member to state the facts.

ശ്രീ. കെ. സി. ഏബ്രഹാം : സർ, അടുത്ത ഏതാനും ദിവസങ്ങൾക്കു മുമ്പ് എളംകുന്നപ്പുഴ എന്ന സ്ഥലത്ത് അതിശക്തിയായ കടലാക്രമണം ഉണ്ടായതിനെക്കുറിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രിയുടെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കുമുമ്പ് ശക്തിയായ കടലാക്രമണം ഉണ്ടായതിന്റെ ഫലമായിട്ട് അവിടെയുണ്ടായിരുന്ന 20-ൽ ശിഷ്ടം വീടുകൾക്കും അഞ്ഞൂറിൽപരം തെങ്ങുകൾക്കും നാശംവന്നിട്ടുണ്ട്. കടലാക്രമണം ഉണ്ടായതിന്റെ ഫലമായി കടൽവെള്ളം കയറി കുറെ അധികം തെങ്ങിൻതൈകൾ, ഏകദേശം ആയിരത്തിലധികംവരും, നശിച്ചുപോകുന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ട്. ആകെക്കൂടി അവിടെ വന്നിട്ടുള്ള നഷ്ടം ഇപ്പോൾ നിശ്ചയിക്കുന്നതിനു സാദ്ധ്യതയില്ല. അതുപോലെതന്നെ ഈ സ്ഥലത്തിനടുത്തായി ഗവണ്മെന്റുവകയായിട്ടുള്ള മാഞ്ചിപ്പുറം ഫിഷ്പാണ്ടും അപകടത്തിലായിട്ടുണ്ട്. ഞാറക്കൽ sea, wall-ും കൊച്ചി തുറമുഖത്തിനും മദ്ധ്യേ ഉള്ള

LIBRARY ARCHIVES Kerala Legislative Assembly